**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5793** **16-03-2023-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സി.റ്റി. സ്കാൻ, എം.ആർ.ഐ. സ്കാൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികൾക്ക് തുടർ ചികിത്സയ്ക്കായി ഡോക്ടർമാർ നിർദ്ദേശിക്കുന്ന സി.റ്റി. സ്കാൻ, എം.ആർ.ഐ. സ്കാൻ എന്നിവ എടുക്കുന്നതിനായി ആശുപത്രിക്ക് അകത്തുള്ള സ്കാൻ സെന്ററിൽ നിന്നും സമയം നിശ്ചയിച്ച് നൽകുന്നത് എത്ര ദിവസത്തെ കാലയളവിൽ ആണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ 2 സി.റ്റി സ്കാൻ മെഷീനുകളാണുള്ളത്. എടുക്കുന്ന സ്കാനുകളുടെ റിപ്പോർട്ടുകൾ സമയബന്ധിതമായി രോഗികൾക്ക് നൽകുന്നു. സ്കാൻ എടുക്കുന്നതിനുവേണ്ടി സമയം നിശ്ചയിച്ചു നൽകുന്ന രീതി ചുവടെ ചേർക്കുന്നു.

- കാഷ്വാലിറ്റി – 24 മണിക്കൂർ
- ഒ.പി – ഒരു ആഴ്ച
- ഐ.പി/Emergency – 24 മണിക്കൂർ

എം.ആർ.ഐ സ്കാൻ ദിനംപ്രതി 25 മുതൽ 28 വരെ ചെയ്തു നൽകുന്നു. ഐ.പി. കേസുകൾ രോഗത്തിന്റെ ഗുരുതരാവസ്ഥ കണക്കാക്കി 3 മുതൽ 4 ദിവസത്തിനകത്ത് ചെയ്ത് നൽകി കൊണ്ടിരിക്കുന്നു.

**(ബി)** എമർജൻസിയായി എത്തുന്ന രോഗികൾക്കും ഇതേ മാനദണ്ഡത്തിലാണോ സ്കാനിങ്ങിനായുള്ള തീയതി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഗുരുതരമായ രോഗങ്ങൾ ഉള്ള കേസുകൾക്ക് മുൻഗണന നൽകിവരുന്നുണ്ട്.

**(സി)** 2021 ജനുവരി 1 മുതൽ ഡിസംബർ 22 വരെ ഈ സ്കാനിങ് സെന്ററിലെ മെഷീനിന് എത്ര തവണ കേടുപാട് സംഭവിച്ചിട്ടുണ്ടെന്നും അവ എപ്പോൾ പരിഹരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2021 ജനുവരി1 മുതൽ ഡിസംബർ 22 വരെയുള്ള കാലയളവിൽ എം ആർ ഐ മെഷീൻ 10 തവണ തകരാറിലായി. ഒരു തവണ മാത്രം 2 ½ മാസത്തോളം കേടായിക്കിടന്നു. ഈ മെഷീൻ 2023 ജനുവരി 31 വരെ CAMC ലും അതുകഴിഞ്ഞ് AMC ലും (01.02.2023- 31.01.2024) ആണ് പ്രവർത്തിക്കുന്നത്.

സി.റ്റി മെഷീനുകൾ CAMC ൽ ആയതുകൊണ്ട്, മെഷീനുകൾക്കുണ്ടാകുന്ന കേടുപാടുകൾ സമയബന്ധിതമായി കമ്പനി പരിഹരിക്കാറുണ്ട്. അതിനാൽ രണ്ട് സി.റ്റി സ്കാനറുകൾ പ്രവർത്തനരഹിതമായ ഒരു സാഹചര്യം ഇതുവരെ ഡിപ്പാർട്ടുമെന്റിൽ വന്നിട്ടില്ല.

**(ഡി)** നിരന്തരം ഈ സെന്ററിലെ മെഷീനുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എം.ആർ.ഐ മെഷീൻ 13 വർഷം പിന്നിട്ടതാണ്. ആയതിനാൽ മെഷീൻ end of support ആണ്.

സി.റ്റി സ്കാനിഗിനു ബദൽ സംവിധാനം ഏർപ്പെടുത്താറുണ്ട്.

നിലവിലുള്ള എംആർഐ മെഷീന്റെ നവീകരണം/ പുതിയ എംആർഐ മെഷീൻ വാങ്ങുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 19/07/2022 ന് ഒരു യോഗം ചേരുകയും ടി യോഗത്തിൽ ഡിപ്പാർട്ടുമെന്റിലേക്ക് ഒരു പുതിയ എംആർഐ മെഷീൻ buy back policy പ്രകാരം KMSCL മുഖേന വാങ്ങുന്നതിനു തീരുമാനിക്കുകയുണ്ടായി.

**(ഇ)** മെഷീൻ കേടുപാടുകൾ സംഭവിക്കുമ്പോൾ ആ സമയം എത്തുന്ന രോഗികൾക്ക് സ്കാൻ ചെയ്യുന്നതിന് ബദൽ സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിന് പരിഹാരമാർഗ്ഗം കണ്ടെത്തുമോ;

**<u>മറുപടി:</u>** എം.ആർ.ഐ മെഷീൻ 13 വർഷം പിന്നിട്ടതാണ്. ആയതിനാൽ മെഷീൻ end of support ആണ്.

സി.റ്റി സ്കാനിഗിനു ബദൽ സംവിധാനം ഏർപ്പെടുത്താറുണ്ട്.

നിലവിലുള്ള എംആർഐ മെഷീന്റെ നവീകരണം/ പുതിയ എംആർഐ മെഷീൻ വാങ്ങുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 19/07/2022 ന് ഒരു യോഗം ചേരുകയും ടി യോഗത്തിൽ ഡിപ്പാർട്ടുമെന്റിലേക്ക് ഒരു പുതിയ എംആർഐ മെഷീൻ buy back policy പ്രകാരം KMSCL മുഖേന വാങ്ങുന്നതിനു തീരുമാനിക്കുകയുണ്ടായി.

**(എഫ്)** എം.ആർ.ഐ. സ്കാൻ എടുക്കുവാൻ രോഗികൾക്ക് മൂന്ന് മാസത്തിൽ അധികമുള്ള തീയതികൾ നിശ്ചയിച്ച് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരാഴ്ച്ചയ്ക്കുള്ളിൽ രോഗികൾക്ക് എം.ആർ.ഐ. സ്കാൻ എടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഐ.പി കേസുകൾ രോഗത്തിന്റെ ഗുരുതരാവസ്ഥ പരിഗണിച്ച് 3 മുതൽ 4 ദിവസത്തിനകത്ത് ചെയ്ത് നൽകുന്നു. അതിനാൽ ഒ പി കേസുകൾ ചെയ്യുന്നതിനു കാലതാമസം വരാറുണ്ട്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സമയബന്ധിതമായി ഒരു ആഴ്ച്ചയ്ക്കകം എം ആർ ഐ സ്കാൻ ചെയ്ത് കൊടുക്കണമെങ്കിൽ രണ്ടോ അതിലധികമോ എം ആർ ഐ മെഷീനും അത് പ്രവർത്തിപ്പിക്കാനാവശ്യമായ സ്റ്റാഫുകളും അനിവാര്യമാണ്.

മെഡിക്കൽ കോളേജിന്റെ Phase 3 വികസനത്തിന്റെ ഭാഗമായി KIIFB ൽ നിന്ന് 44 കോടി രൂപ ഇമേജിംഗ് ഉപകരണങ്ങൾ വാങ്ങിക്കുവാനും അത് സ്ഥാപിക്കുവാനും അനുവദിച്ചിട്ടുണ്ട്. അതിൽ 1.5 Tesla MRI മെഷീൻ, 256 slice MDCT, Digital radiography(Double Detector), High End Ultrasound

machine, Medium Ultrasound machine തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതാണ്.

**സെക്ഷൻ ഓഫീസർ**